# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുവേശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെ എൻ ആർ/സി4/848/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 24/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുവേശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെ എൻ ആർ/സി4/848/22 തീയ്യതി: 24/06/2022

## കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 26-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 27-05-2022 | 07-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-05-2022 | 07-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണികിഴക്കീൽ ,ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി.റീന പിട്ടൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.സബിത കെ, ഓഡിറ്റർ
ശ്രീമതി.ധന്യ.എം.വി, ഓഡിറ്റർ
ശ്രീമതി.അന്ന.അബ്രഹാം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.ജോസഫ് ഐസക്ക് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.രാജേഷ് കെ.കെ. | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രജിത പ്രകാശ് | കൃഷി ഓഫീസർ | 01-04-2019 | 28-11-2019 |
| ശ്രീ.ജിനു വി.എൻ. | കൃഷി ഓഫീസർ | 29-11-2019 | 31-03-2020 |
| ശ്രീമതി നീതു പി. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.സജീവൻ എ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.രാഗി വി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 15-11-2019 |
| ഡോ. ടിന്റിൽ തോമസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 16-11-2019 | 31-03-2020 |
| ഡോ. സിക്ഫാന ഷമീറ പി.പി. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 08-11-2019 |
| ഡോ.അമ്പിളി മോഹൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 09-11-2019 | 02-12-2019 |
| ഡോ.സിക്ഫാന ഷമീറ പി.പി. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 03-12-2019 | 31-03-2020 |
| ശ്രീ.അനിൽ കുമാർ പി.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 10-12-2019 |
| ശ്രീ.അനിൽ കുമാർ എ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 11-12-2019 | 31-03-2020 |
| ശ്രീ.ബിജു കെ.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.അരുൺ രേണുക ദേവി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ആശാലത പി.വി. | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.സിനാജുദ്ദീൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.രജീഷ് ടി.കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 06-06-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 16-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക - അപാകതകൾ<br>Written By: Remani Kizhakkeel (Audit Officer, On 09-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 06-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Remani Kizhakkeel (Audit Officer, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-9 |
| 11 | തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Anu Abraham (Auditor, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-10 |
| 12 | വാടക കുടിശ്ശിക ഒടുക്കിയില്ല.<br>Written By: Anu Abraham (Auditor, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 1-11 |
| 13 | സാംസ്കാരിക രംഗം കാര്യക്ഷമമാക്കൽ -കേരളോത്സവം ചെലവ് രേഖകൾ ഹാജരാക്കിയില്ല 48284/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sabitha.K (Auditor, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-12 |
| 14 | കുടിയാൻമല മാവേലി സ് റ്റോറിന് അടിസ്ഥാന സൗകര്യമൊരുക്കൽ -വിനിയോഗ വിവരം ലഭ്യമാക്കിയില്ല -100000/- തടസ്സപ്പെടുത്തുന്നു<br>Written By: Sabitha.K (Auditor, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-13 |
| 15 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 168716 /- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sabitha.K (Auditor, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-14 |
| 16 | ഒന്നാം ക്ലാസ് ഒന്നാം തരം - ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല 119000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-15 |

| | | |
|---|---|---|
| | Written By: Sabitha.K (Auditor, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | |
| 17 | സ്കൂളുകളിൽ പത്ര വിതരണം -ചെലവ് രേഖകൾ ഹാജരാക്കിയില്ല – 18130/- തടസ്സപ്പെടുത്തുന്നു<br>Written By: Sabitha.K (Auditor, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-16 |
| 18 | എസ് എസ് എ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sabitha.K (Auditor, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 1-17 |
| 19 | പാലിയേറ്റീവ് ഹോം കെയർ പദ്ധതി-മരുന്നുകൾ ലഭ്യമാക്കിയില്ല.<br>Written By: Anu Abraham (Auditor, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 1-18 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Dhanya.M.V (Auditor, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 06-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 07-06-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 07-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 07-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

പഞ്ചായത്തിന്റെ ബജറ്റ് ഭരണ സമിതിയുടെ 16-02-2019 തീയതിയിലെ 1/19നമ്പർ തീരുമാന പ്രകാരവും , പുതുക്കിയ ബജറ്റ് 15-02-2020 തീയ്യതിയിലെ 32/2020 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബജറ്റ് | | തീരുമാനം& തീയതി | പുതുക്കിയ ബജറ്റ് | തീരുമാനം& തീയതി |
|---|---|---|---|---|
| മുന്നിരിപ്പ് | 10644855 | 1/1തീയതി16 /02/19 | 11738974 | 32/20തീയതി15 /02/2020 |
| വരവ് | 111499280 | | 162114132 | |
| ആകെ | 122144135 | | 173853106 | |
| ചെലവ് | 112951784 | | 167595427 | |
| നീക്കിയിരിപ്പ് | 9192351 | | 6257679 | |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 26.06.2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1.ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2.അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

3.വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

4.ബിൽഡിംഗ് പെർമിറ്റ്-വർഷാന്ത്യ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

5. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപെടുത്തിയിട്ടില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23106056 |
| വരവ് | 44781417 |
| ആകെ | 67887473 |
| ചെലവ് | 47408879 |
| നീക്കിയിരിപ്പ് | 20478594 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 454130 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ് /നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11241340 | 11241340 | 10269370 | 971970 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 702000 | 702000 | 672374 | 29626 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 2491000 | 2491000 | 1686103 | 804897 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 7700600 | 7700600 | 4087624 | 3612976 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 2458000 | 2458000 | 1925624 | 532376 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് | 0 | 9098243 | 9098243 | 1637517 | 7460726 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | |
| തൊഴിലുറപ്പ് പദ്ധതി | 2117 | 14673743 | 14675860 | 14578046 | 97814 |
| ടി.എസ്.സി | 0 | 564000 | 564000 | 552000 | 12000 |
| ഐ സി ഡി എസ് ,സെൻട്രൽ ,ഷെയർ | 1470798 | 774309 | 2245107 | 1078445 | 1166662 |
| എം പി എൽ എ ഡി | 35983 | 101500 | 137483 | 95040 | 42443 |
| സ്വച്ച് ഭാരത് മിഷൻ | 316000 | | 316000 | 56000 | 260000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 726780 | 23078 | 749858 | - | 749858 |
| സാക്ഷരത | 5798 | 91762 | 97560 | - | 97560 |
| ശുചിത്വം | 326262 | - | 326262 | 65000 | 261262 |
| ടോട്ടൽ സാനിറ്റേഷൻ | 726780 | 23078 | 749858 | 0 | 749858 |
| കേരളോത്സവം | 7518 | - | 7518 | - | 7518 |
| വിമുക്തി,ആശ്രയ,ലൈഫ് ഭവന പദ്ധതി | 437953 | 1996254 | 2434207 | 2363143 | 71064 |
| ഹരിത കേരളം | 25000 | - | 25000 | 0 | 25000 |
| കോർപ്പസ് ഫണ്ട് | ০ | 414484 | 414484 | 0 | 414484 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | ചെലവഴിച്ച തുക | നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 172 | 73867201 | 33769207 | 103 | 86 | 17 | 69 | 50 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച | ശതമാനം |
|---|---|---|---|---|---|---|

| | | എണ്ണം | | | തുക | |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 2715358 | 1590971 | 58.59 |
| 2 | വെറ്ററിനറി സർജന് | 7 | 7 | 4770721 | 3224375 | 67.58 |
| 3 | മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 2 | 2 | 1040000 | 950469 | 91.39 |
| 4 | മെഡിക്കൽഓഫീസർ (ഹോമിയോ) | 3 | 2 | 280000 | 259989 | 92.85 |
| 5 | മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 1 | 1 | 500000 | 500000 | 100 |
| 6 | വി.ഇ.ഒ | 16 | 13 | 9330935 | 6497513 | 69.63 |
| 7 | ഐ സി ഡിഎസ് സൂപ്പർവൈസർ | 8 | 7 | 5018048 | 4402728 | 87.73 |
| 8 | സെക്രട്ടറി | 23 | 18 | 5210148 | 3202972 | 61.47 |
| 9 | ഹെഡ് മാസ്റ്റർ | 8 | 5 | 1879130 | 1541418 | 82.02 |
| 10 | അസി സെക്രട്ടറി | 8 | 7 | 1103449 | 715318 | 64.82 |
| 11 | അസി.എഞ്ചിനീയർ | 89 | 34 | 42019412 | 10883454 | 25.90 |
| | ആകെ | 172 | 103 | 73867201 | 33769207 | 45.71 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2117 | 539177 | 541294 | 443480 | 97814 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14134566 | 14134566 | 14134566 | 0 |
| ആകെ | 2117 | 14673743 | 14675860 | 14578046 | 97814 |

തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ളാൻ പ്രകാരം 243 പ്രവൃത്തികൾ നടപ്പിലാക്കുവാനാണ് അനുമതി ലഭിച്ചത്. ഇതിൽ 226 എണ്ണം നടപ്പിലാക്കി.ആകെ റജിസ്റ്റർ ചെയ്ത 3264 കുടുംബങ്ങളിൽ 1299 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. 57 കുടുംബങ്ങൾ 100 ദിവസം പൂർത്തീകരിച്ചിട്ടുണ്ട്. ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ48431 ആണ്. പഞ്ചായത്ത് ലഭ്യമാക്കിയ മേൽ കണക്ക് പ്രകാരമുള്ള ആകെ ചെലവ് (14578046 രൂപ) വാർഷിക കണക്കിന്റെ 1-14(a) ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (14593547 രൂപ) പൊരുത്തപ്പെടുന്നില്ല

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു .

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1379400 | 223 |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 74880 | 32 |
| വിധവാ പെൻഷൻ | 3104400 | 544 |
| വാർധക്യകാല പെൻഷൻ | 10703100 | 1882 |
| വികലാംഗ പെൻഷൻ | 1444000 | 244 |
| അവിവാഹിത പെൻഷൻ | 155400 | 31 |
| വിവാഹ ധനസഹായം | 30000 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.05.2022 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3426/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

എരുവേശ്ശി ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണ്.എല്ലാ മാസങ്ങളിലും ജീവനക്കാരുടെ യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും എടുത്ത തീരുമാനങ്ങളുടെ പുരോഗതി വിലയിരുത്തുകയും നികുതി പിരിവ്, ഫ്രണ്ട് ഓഫീസ് പ്രവർത്തങ്ങൾ, പെൻഡിംഗ് ഫയലുകൾ തീർപ്പാക്കൽ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഓഫീസ് ഓർഡർ ബുക്ക് പ്രകാരം ജീവനക്കാരുടെ ചുമതലയിൽ വരുന്ന മാറ്റങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. വാർഷിക കണക്കു പ്രകാരം വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകയുടെ റീക്കൺസീലിയേഷൻ തയ്യാറാക്കിയിട്ടുണ്ട്. പൗരാവകാശ രേഖ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

താഴെപ്പറയുന്നവർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ജോലി ചെയ്തിട്ടുണ്ടെങ്കിലും തൊഴിൽനികുതി ഒടുക്കുന്നില്ല.

1.ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു നടത്തിയ കരാർ ജീവനക്കാർ

2.ലൈസൻസ്ഡ് ബിൻഡിംഗ് സൂപ്പർവൈസർ/എഞ്ചിനീയർമാർ

3.പാലിയേറ്റീവ് കെയർ നേഴ്സ്

4.പാർട്ട് ടൈം ലൈബ്രേറിയൻ

5.പഞ്ചായത്ത് ഓഫീസ് വെഹിക്കിൾ ഡ്രൈവർ

മേൽ പരാമർശിച്ചവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വാടക കുടിശ്ശിക ഒടുക്കിയില്ല.

ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റേതായി 20 കടമുറികൾ ഓഡിറ്റ് വർഷം വാടകയ്ക്ക് നൽകിയിട്ടുണ്ട്. അതിൽ 19 കടമുറികളുടേയും വാടക ഒടുക്കിയിട്ടുണ്ട്. വാടക രജിസ്റ്റർ പ്രകാരം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.720 വാടകയ്ക്ക് എടുത്ത ശ്രീ.അബ്ദുൾകലാം ടി.കെ. (പ്രതിമാസ വാടക-₹2334), 2019-20 വർഷം വാടക ഒടുക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-12 സാംസ്കാരിക രംഗം കാര്യക്ഷമമാക്കൽ -കേരളോത്സവം ചെലവ് രേഖകൾ ഹാജരാക്കിയില്ല 48284/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട്നമ്പർ ,പേര് - 104/20, സാംസ്കാരിക രംഗം കാര്യക്ഷമമാക്കൽ -കേരളോത്സവം

അടങ്കൽ – 50000/- (തനത് ഫണ്ട്)

ചെക്ക് നമ്പർ , തീയതി, തുക - 282772/7-11-19 ,25000/-

-791915/13-3-20 ,23284/-

കേരളോത്സവം നടത്തുന്നതിനു വേണ്ടി തനത് ഫണ്ടിൽ നിന്നും 48284/- രൂപ പിൻവലിച്ച് താഴെ പറയുന്ന ചെലവുകൾ നടത്തിയിട്ടുണ്ടെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട് കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചതിന്റെയും സമ്മാനങ്ങൾ വിതരണം ചെയ്തതിന്റെയും ചെലവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ചെലവ് സംബന്ധിച്ച വിവരം | തുക |
|---|---|
| പ്രിന്റിംഗ് @ സ്റ്റേഷനറി | 8064 |
| സ്പോർട്സ് ഗുഡ്സ് | 10280 |
| ജഡ്ജസ്സ് ഫീ | 16200 |
| ഭക്ഷണം | 12380 |
| ജനറേറ്റർ | 400 |
| ഓട്ടോ ചാർജ്ജ് | 960 |

ചെലവ് രേഖകൾ ഹാജരാക്കുന്നതിനു വേണ്ടി ഓഡിറ്റ് അന്വേഷണം നൽകിയതിന് (2/02-06-2022) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിലെ മൂന്ന് സ്ഥലങ്ങളിൽ വച്ച് പരിപാടി നടപ്പിലാക്കി എന്നും,സംഘാടക സമിതിയുടെ യോഗ തീരുമാനങ്ങളും നോട്ടീസും ഹാജരാക്കിയതല്ലാതെ ചെലവ് സംബന്ധിച്ച രേഖകളൊന്നും (ഏത് തിയ്യതിയിൽ നടത്തി,ഏതല്ലാം പരിപാടികളാണ് സംഘടിപ്പച്ചത്,എത്ര പേർ പങ്കെടുത്തു) ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 48284/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-13 കുടിയാൻമല മാവേലി സ് റ്റോറിന് അടിസ്ഥാന സൗകര്യമൊരുക്കൽ -വിനിയോഗ വിവരം ലഭ്യമാക്കിയില്ല -100000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണം ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട്നമ്പർ , പേര് | 176/20, കുടിയാൻമല മാവേലി സ്റ്റോറിന് അടിസ്ഥാന സൗകര്യ മൊരുക്കുന്നതിന് തുക നൽകൽ |
| അടങ്കൽ | 100000/- തനത് ഫണ്ട് |
| ചെക്ക് നമ്പർ/ തീയ്യതി തുക | 2617989/18-10-19 , 100000/- |

കുടിയാൻമല മാവേലി സ്റ്റോറിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ഡിപ്പോ മാനേജർ, സിവിൽ സപ്ലൈസ്

തളിപ്പറമ്പ് എന്നവരുടെ ഇ-932/18,15-7-19 ലെ കത്ത് പ്രകാരം കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും, ഫർണിഷിങ് ജോലികൾ പൂർത്തികരിക്കുന്നതിനുമായി 100000/- രൂപ ആവശ്യപ്പെട്ടതു പ്രകാരം ഡിപ്പോ മാനേജർ,സിവിൽ സപ്ലൈസ് തളിപ്പറമ്പ് എന്നവരുടെ അക്കൗണ്ടിലേക്ക് (നം.11270200013536) നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുക ചെലവഴിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/4-06-2022) മറുപടി ലഭ്യമാക്കിയതിൽ വിനിയോഗ സാക്ഷ്യപത്രത്തിന് മേൽ സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നുമാണ് അറിയിച്ചത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-14 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 168716 /- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണം ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ്നമ്പർ ,പേര് | 123/20, ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വയറിംഗ് (SO) |
| അടങ്കൽ | 80000/- വികസന ഫണ്ട്<br>210000/- മെയിന്റനസ് ഫണ്ട് റോഡിതരം |
| ബിൽ നമ്പർ/ തീയ്യതി, തുക | 1/25-5-19 , 74254 /-<br>2/25-5-19,94462/- |

സുലേഖ ചെലവ് പത്രിക പ്രകാരം മേൽ പദ്ധതിക്ക വേണ്ടി 168716/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കാത്തതിനാൽ ആയത് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/4-06-2022) ഫയൽ ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. പദ്ധതി ചെലവ് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 168716/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 ഒന്നാം ക്ലാസ് ഒന്നാം തരം - ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല 119000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ്നമ്പർ ,പേര് | 120/20 ഒന്നാം ക്ലാസ് ഒന്നാം തരം (So) |
| അടങ്കൽ | 136600 - തനത് ഫണ്ട്<br>19400 - വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>60000 - ബ്ലോക്ക് വിഹിതം<br>8000- ജില്ലാപഞ്ചായത്ത് |
| ചെലവ് | 156000/- |
| ബിൽ നമ്പർ/തീയ്യതി, തുക | 5/6-11-19, 19400/-<br>2/8-5-19, 119000/-<br>3/8-5-19, 17600/ |

മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ ശിശു സൗഹൃദ പെയിന്റിംഗ് നടത്തുന്നതിനു വേണ്ടി 156000/- രൂപ ചെലവഴിച്ചതിൽ, ഐഡിയൽ ഡിക്കോർ എന്ന സ്ഥാപനത്തിന് 119000/- രൂപയും, മോഹനൻ കെ വി എന്നവർക്ക് 37000/- രൂപയും നൽകിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ എത്ര സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയെന്ന വിവരവും ഏത് ക്വാട്ടേഷനാണ് അംഗീകരിച്ചത് എന്ന വിവരവും പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകളും ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/02-06-2022) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിലെ അരീക്കമല ഗവ.യു പി സ്കൂൾ, പൂപ്പറമ്പ് ഗവ.യു പി സ്കൂൾ എന്നീ സ്കൂളുകളിൽ ശിശു സൗഹൃദ പെയിന്റിംഗ് ചെയ്യുന്നതിനു വേണ്ടി കുറഞ്ഞ ക്വട്ടേഷൻ നൽകിയ മോഹനൻ കെ വി എന്നവരെയും ശിശു സൗഹൃദ ക്ലാസ് മുറിയ്ക്ക് അനുയോജ്യമായ ഫർണ്ണിച്ചർ വാങ്ങുന്നതിനു വേണ്ടി കുറഞ്ഞ ക്വട്ടേഷൻ നൽകിയ ഐഡിയൽ ഡിക്കോർ എന്ന സ്ഥാപനത്തെയും അംഗീകരിച്ചു എന്നും പറയുന്നു. ഇതിൽ സ്കൂളുകളിൽ ശിശു സൗഹൃദ പെയിന്റിംഗ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും ശിശു സൗഹൃദ ക്ലാസ് മുറിയ്ക്ക് അനുയോജ്യമായ ഫർണ്ണിച്ചർ വാങ്ങുന്നതിനു വേണ്ടി ചെലവഴിച്ച 119000/- രൂപയുടെ ചെലവ് സംബന്ധിച്ച

രേഖകളോ ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററോ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 119000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 സ്കൂളുകളിൽ പത്ര വിതരണം -ചെലവ് രേഖകൾ ഹാജരാക്കിയില്ല – 18130/- തടസ്സപ്പെടുത്തുന്നു

നിർവ്വഹണം ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്ട്നമ്പർ ,പേര് – 125/20 ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ പത്ര വിതരണം (So)

അടങ്കൽ – 51130/- വികസന ഫണ്ട്

ബിൽ നമ്പർ, തീയതി, തുക - 1/8-5-19 ,18130/-

2018-19 വർഷം ആരംഭിച്ച മേൽ പദ്ധതിക്കുവേണ്ടി 2019-20 വർഷം വികസന ഫണ്ടിൽ നിന്നും 18130/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ചെലവ് രേഖകൾഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(2/02-06-2022) ലഭ്യമാക്കിയ മറുപടിയിൽ 8/5/2019 ന് മേൽ തുക മലയാള മനോരമ ഓഫീസിന് കൈമാറിയിട്ടുണ്ട് എന്നാണ് പറയുന്നത്. എന്നാൽ തുക കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 18130/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 എസ് എസ് എ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട്നമ്പർ ,പേര് – 17/20 , എസ് എസ് എ വിഹിതം നൽകൽ

അടങ്കൽ – 1200000/-വികസന ഫണ്ട് പൊതുവിഭാഗം

ബിൽ നം.തീയ്യതി, തുക – 4/21-4-19 ,1200000/-

മേൽ പദ്ധതി പ്രകാരം വികസനഫണ്ട് നിന്നും 1200000/- പിൻവലിച്ച് എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് (നം 0704101110720) നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ ഇനങ്ങൾക്കാണ് വിനിയോഗിച്ചതെന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 04/02-06-2022) മറുപടി ലഭ്യമാക്കിയതിൽ സെക്രട്ടറിക്ക് വിനിയോഗ സാക്ഷ്യപത്രം അയച്ചിട്ടുണ്ട് എന്നാണ് അറയിച്ചത്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതും SSAക്ക് കൈമാറുന്ന തുക ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുവേണ്ടി തന്നെയാണ് വിനിയോഗിക്കുന്നതെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്. SSAയുമായി കൂടിയാലോചിച്ച് ഗ്രാമപഞ്ചായത്തിനാവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 പാലിയേറ്റീവ് ഹോം കെയർ പദ്ധതി-മരുന്നുകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പ്രാഥമിക ആരോഗ്യ കേന്ദ്രം |
| പ്രൊജക്ട് നം. | 40/2019-20 |
| പ്രൊജക്ടിന്റെ പേര് | പാലിയേറ്റീവ് ഹോംകെയർ പദ്ധതി |
| അടങ്കൽ | ₹555050(വികസന ഫണ്ട്-പൊതു വിഭാഗം)<br>₹200000(ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹244950 തനത് ഫണ്ട്<br>ആകെ ₹1000000 |
| ചെലവായ തുക | ₹520524(വികസന ഫണ്ട്-പൊതു വിഭാഗം)<br>₹187698(ജില്ലാ പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| | ₹207247തനത് ഫണ്ട്<br>ആകെ ₹915469 |

ഗ്രാമപഞ്ചായത്തിലെ കിടപ്പു രോഗികൾക്ക് വീട്ടിലെത്തി ചികിത്സ നൽകുന്നതിനുള്ള പദ്ധതിയാണ് പാലിയേറ്റീവ് ഹോംകെയർ .2019-20 സാമ്പത്തിക വർഷം മേൽ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയ 239625/- രൂപയിൽ ₹28153യുടെ മരുന്നിന്റെ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ചെക്ക് നമ്പർ/തീയതി/ഫണ്ട് | നൽകിയ തുക | പ്രഫോർമ ഇൻവോയ്സ് നമ്പർ |
|---|---|---|
| ചെക്ക് നം.2710322/9.3.20 തനത് ഫണ്ട് | ₹ 28153 | PRF4849/24.2.20 |

മരുന്ന ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(1/1.6.22) മരുന്നുകൾ ലഭ്യമാക്കി ഒറിജിനൽ ഇൻവോയ്സ് ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| പ്രൊജക്ട് നമ്പർ | 76/20 |
| അടങ്കൽ ₹1750000 | ₹437500-വികസനഫണ്ട്<br>₹437500 -സംസ്ഥാനം<br>₹875000 -ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹437500 (വികസനഫണ്ട്)<br>₹437500 ( ഗുണഭോക്തൃവിഹിതം) |
| ബിൽനം./തീയതി/തുക | P2/19-20/11.11.19/₹437500 |

നിശ്ചിത പ്രായപരിധിയിലുള്ള കന്നുകുട്ടികൾ ഉള്ള ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്ട് . ഇതിനായി 437500 /- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ വിനിയോഗിച്ച തുക എൻറോൾമെന്റ് സമയത്ത് എസ്.എൽ.ബി.പിയിൽ ഒടുക്കിയ തുകയുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്. മുൻ വർഷങ്ങളിലെ തുക നീക്കിയിരിപ്പുണ്ടെങ്കിൽ ആയത് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 02.06.2022, 03.06.2022 | കെ.എസ്.എ/കെ.എൻ.ആർ/സി.4/848/22 തീയതി: 24.06.2022 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 500000 | 0 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 157875 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 157875 | 0 |
| ആകെ | | 657875 | | 657875 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2019-20 | 160000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 160000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2019-20 | 187698 | പാലിയേറ്റീവ് ഹോംകെയർ | 187698 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2019-20 | 861824 | പൂപ്പറമ്പ് ആധുനിക ശ്മശാന നിർമ്മാണം | 861824 | 0 |
| | | 1209522 | | 1209522 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കോളനി തെരുവ് വിളക്ക് ലൈൻ ൻദീർഘിപ്പിക്കൽ | 22901049/5-2-20 | 687832 | 687832 | പൂർത്തീകരിച്ച | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | - | 74,68,000 | 74,68,00c | 264706 | - | 7203294 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2014-15 | 4.1.8 | വിവിധ പദ്ധതികൾക്കായി വാങ്ങിയ വസ്തു വകകൾ കാട്ടു പിടിച്ചു കിടക്കുന്നു | നില നിൽക്കുന്നു |
| 2014-15<br>2015-16 | 2.2<br>2.4 | 2016-17 | 2 | തൊഴിൽ നികുതി | നില നിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 44781417 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47408879 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 454130 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 48284 | ശ്രീ.പ്രസന്നകുമാർ .എൻ, സെക്രട്ടറി |
| 1-13 | 100000 | ശ്രീ.പ്രസന്നകുമാർ .എൻ, സെക്രട്ടറി |
| 1-14 | 168716 | ശ്രീ. രാജേഷ്.കെ.കെ , സെക്രട്ടറി |
| 1-15 | 119000 | ശ്രീമതി.ആശാലത.പി.വി, ഹെഡ് മിസ്ട്രസ്സ് |
| 1-16 | 18130 | ശ്രീ. രാജേഷ്.കെ.കെ , സെക്രട്ടറി |
| ആകെ | 454130 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ്.കെ.കെ | സെക്രട്ടറി,<br>ചെങ്ങളായി ഗ്രാമ പഞ്ചായത്ത് | സൗപർണ്ണിക,<br>കുറുമാത്തൂർ |
| ശ്രീ.പ്രസന്നകുമാർ.എൻ. എൻ | സെക്രട്ടറി,<br>ആലക്കോട് ഗ്രാമ പഞ്ചായത്ത് | നടുവിലെ മുറിയിൽ,<br>മണക്കടവ്.പി ഒ |
| ശ്രീമതി.ആശാലത.പി.വി | വിരമിച്ചു | ആശിഷ്,കൂട്ടുമുഖം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/ 847/2019, തീ.04.9.2019 | 2 |
| 2007-08 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/ 847/2019,തീ.04.9.2019 | 5 |
| 2008-09 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/ 847/2019,തീ.04.9.2019 | 4 |
| 2009-10-10-11 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/ 847/2019,തീ.04.9.2019 | 5 |
| 2013-14<br>2014-15 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/ 847/2019,തീ.04.9.2019 | 3 |
| 2015-16 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/ 847/2019,തീ.04.9.2019 | 7 |

| | | |
|---|---|---|
| 2016-17 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/ 847/2019,തീ.04.9.2019 | 8 |
| 2017-18 | നം-കെ.എസ്.എ/കെ.എൻ.ആർ/സി4/ 35/2019,തീ.09.04.2019 | 9 |
| 2018-19 | നം-കെ.എസ്.എ/കെ.എൻ.ആർ/സി4/ 105/2020(1),തീ.15.09.2020 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3-1

## റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Eruvessy Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 23095769.00 |
| Cash | Cash | RP-40(a) | 10287.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1543862.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 377547.00 |
| 150000000 | Sale & Hire Charges | RP-5 | 121272.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 29602560.00 |
| 171000000 | Interest Earned | RP-9 | 338072.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5825151.00 |
| 350000000 | Other Liabilities | RP-36 | 501138.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 90740.00 |
| 311000000 | Earmarked Funds | RP-29 | 5364.00 |

| | | | |
|---|---|---|---|
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 711200.00 |
| 350000000 | Other Liabilities | RP-36 | 1693553.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3961958.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | Grand total | | 67887473.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3046825.00 |
| 220000000 | Administrative Expenses | RP-12 | 870626.00 |
| 230000000 | Operations & Maintenance | RP-13 | 630127.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4878865.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13582889.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 614263.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 125478.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 213880.00 |
| 255000000 | Maintenance Projects | RP-20 | 4635651.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 280000000 | Prior Period item | RP-26 | -19777.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 24750.00 |
| 350000000 | Other Liabilities | RP-36 | 6162897.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1009.00 |
| 280000000 | Prior Period Item | RP-26 | -11150.00 |
| 340000000 | Deposits Received | RP-34 | 87849.00 |
| 350000000 | Other Liabilities | RP-36 | 3613847.00 |
| 410000000 | Fixed Assets | RP-38 | 4718781.00 |
| 412000000 | Capital work in Progress | RP-40 | 2722644.00 |
| 460000000 | Loans, Advances and Deposits | RP-47 | 1499425.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20478594.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 67887473.00 |

## അനുബന്ധം 3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Eruvessy Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5122393.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1299448.00 |
| 140000000 | Fee & User Charges | I-4(b) | 687775.00 |
| 150000000 | Sale & Hire Charges | I-5(b) | 125318.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 68862773.00 |
| 171000000 | Interest Earned | I-8 | 338072.00 |
| 180000000 | Other Income | I-9 | 163698.00 |
| | Total Income | | 76599477.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9116248.00 |
| 220000000 | Administrative Expenses | I-11(b) | 870626.00 |
| 230000000 | Operations & Maintenance | I-12(b) | 1383007.00 |
| 240000000 | Interest & Finance Charges | I-13 | 1009.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5818967.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28259366.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 836863.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 125478.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 17000180.00 |
| 255000000 | Maintenance Projects | I-14(e) | 4635651.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 272000000 | Depreciation | I-17(a) | 8157531.00 |
| | Total Expenditure | | 76214926.00 |
| | Gross Surplus/ Deficit of income over Expenditure | | 384551.00 |
| 280000000 | Prior Period Item | I-18 | -8153.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 392704.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Eruvessy Grama Panchayat<br>BALANCE SHEET | | | |
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 2236158.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 33464.00 |
| 312000000 | Reserves | B-3 | 59236580.00 |
| | Total Reserve & Surplus | | 61506202.70 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8152894.00 |
| | Total Grants, Contributions for Specific Purposes | | 8152894.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 7203294.00 |
| | Total Loans | | 7203294.00 |
| | Current Liabilities & Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 2061271.00 |
| 350000000 | Other Liabilities | B-9 | 1502775.30 |
| | Total Current Liabilities and Provisions | | 3564046.30 |
| | TOTAL LIABILITIES | | 80426437.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 86284846.00 |
| 411000000 | Accumulated Depreciation | B-11 | -33873845.00 |
| 412000000 | Capital Work in Progress | B-11(a) | 4411753.00 |
| | Total Fixed Assets | | 56822754.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1790827.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 20478594.00 |
| 460000000 | Loans, Advances and Deposits | B-18 | 1334262.00 |
| | Total Current Assets, Loans and Advances | | 23603683.00 |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | | | 80426437.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.